# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എറിയാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 3)30/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എറിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 3)30/2022 തീയ്യതി: 18/05/2022

## തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2021 | 27-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-11-2021 | 27-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ പി.എ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.ബിത.ടി.എസ് ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു.പി.ഡാംസൺ അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സിജോ തോമസ് ഓഡിറ്റർ
ശ്രീമതി.ബിന്ദു.കെ.എസ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പ്രസാദിനിമോഹൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശശീന്ദ്രൻ കെ.എസ് | സെക്രട്ടറി | 01-04-2019 | 18-05-2019 |
| താജു. പി.എ | സെക്രട്ടറി ഇൻ ചാർജ്ജ്. | 19-05-2019 | 14-07-2019 |
| ഷീല എം.ബി | സെക്രട്ടറി | 15-07-2019 | 31-03-2020 |
| താജു. പി.എ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശശിമേനോൻ | കൃഷി ഓഫിസർ | 01-04-2019 | 23-10-2019 |
| ജീവ പി.പി | കൃഷി ഓഫിസർ | 24-10-2019 | 05-11-2019 |
| വിദ്യഗോപിനാഥ് | കൃഷി ഓഫിസർ | 06-11-2019 | 31-03-2020 |
| രാജപ്പൻ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.പ്രീത എൻ.ആർ | വെറ്ററിനറി സർജൻ, | 01-04-2019 | 31-03-2020 |
| മിഥു.കെ.തമ്പി. | മെഡിക്കൽ ഓഫീസർ,[ ആയുർവേദം] | 01-04-2019 | 31-03-2020 |
| ഡോ.സുജാത | മെഡിക്കൽ ഓഫീസർ, ഹോമിയോ , | 01-04-2019 | 31-03-2020 |
| ഡോ.വി ജയാനന്ദൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 10-04-2019 |
| ഡോ.ഭുവനേശ്വരി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 11-04-2019 | 31-03-2020 |
| സഹല.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലൈറ്റ് ഹൗസ് സർക്കിൾ | 01-04-2019 | 31-03-2020 |
| ഹന പി.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ . അഴീക്കോട് ജട്ടി സർക്കിൾ | 01-04-2019 | 03-10-2019 |
| മഞ്ജു പി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ . അഴീക്കോട് ജട്ടി സർക്കിൾ | 04-10-2019 | 23-10-2019 |
| രഹിത.ഒ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ . അഴീക്കോട് ജട്ടി സർക്കിൾ | 24-10-2019 | 05-01-2020 |
| ലാലി.കെ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ . അഴീക്കോട് ജട്ടി സർക്കിൾ | 06-01-2020 | 07-02-2020 |
| രഹിത.ഒ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ . അഴീക്കോട് ജട്ടി സർക്കിൾ | 08-02-2020 | 31-03-2020 |
| ഗുരുപ്രസാദ്.ഇ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ . മാടവന സർക്കിൾ | 01-04-2019 | 22-10-2019 |
| ലാലി.കെ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാടവന സർക്കിൾ | 23-10-2019 | 31-03-2020 |
| സിനി കെ.എസ് | ഐ സി ഡി എസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| കവിത.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 27-08-2019 |
| അരുൺ.പി.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-08-2019 | 02-09-2019 |
| ബിത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-09-2019 | 31-03-2020 |
| ജയശ്രീ.ഒ.സി | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| സിന്ധു.പി.പി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sijo Thomas (Auditor, On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sijo Thomas (Auditor, On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 26-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Siju P. Damson (Asst. Audit Officer, On 26-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Bindhu (Auditor, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-9 |
| 10 | വാർഷികകണക്കുകൾ- എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sijo Thomas (Auditor, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-10 |
| 11 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല<br>Written By: Sijo Thomas (Auditor, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-11 |
| 12 | വസ്തു നികുതി (റെസിഡെൻഷ്യൽ)-ഡിസിബി പത്രിക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-12 |
| 13 | വസ്തു നികുതി (നോൺ റെസിഡെൻഷ്യൽ)- ഡിമാന്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-13 |
| 14 | വസ്തു നികുതി-റെസിഡൻഷ്യൽ(കുടിശ്ശിക)-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-14 |
| 15 | വസ്തു നികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-15 |

| | | |
|---|---|---|
| 16 | വസ്തു നികുതി-ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂർ തുക- ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-16 |
| 17 | വസ്തു നികുതി -ഡിമാന്റ് എൻടി യഥാസമയം രേഖപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-17 |
| 18 | വസ്തു നികുതി മുൻകൂർ തുക- സാങ്കല്പികമായി വർദ്ധിപ്പിച്ചു<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-18 |
| 19 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-19 |
| 20 | രേഖകളില്ലാതെ തുക വരുമാനമായും ചെലവായും ക്രമീകരിക്കുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-20 |
| 21 | ജേണൽ എൻടികൾക്കുള്ള വൗച്ചർ സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-21 |
| 22 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 1-22 |
| 23 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-23 |
| 24 | തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ളതും തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കുന്നതുമായ വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-24 |
| 25 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-25 |
| 26 | കിട്ടാൻ സാധ്യത കുറഞ്ഞ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-26 |
| 27 | മുൻകൂറായി ലഭിച്ച വരുമാനങ്ങൾ- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-27 |
| 28 | വരവ് രജിസ്റ്ററുകൾ- വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-28 |
| 29 | സർക്കാർ വായ്പ തിരിച്ചടവിലേക്ക് കുറവ് ചെയ്ത തുക വാർഷികകണക്കിൽ കുറവ് ചെയ്തില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-29 |
| 30 | സർക്കാർ വിവിധ ഇനങ്ങളിൽ ഗ്രാന്റിൽ നിന്ന് കുറവ് ചെയ്ത തുക വാർഷികകണക്കിൽ ചെലവായി രേഖപ്പെടുത്തിയില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021) | 1-30 |

| | | |
|---|---|---|
| | Last Updated By: P.A.Sivan (Audit Officer, On 06-05-2022) | |
| 31 | തൊഴിൽ നികുതി അപാകതകൾ<br>Written By: Bindhu (Auditor, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-31 |
| 32 | ലൈസൻസ് അപാകതകൾ<br>Written By: Sijo Thomas (Auditor, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-32 |
| 33 | അനധികൃത ബോർഡുകൾ രണ്ട് വർഷമായിട്ടും ലേലം ചെയ്തിട്ടില്ല<br>Written By: Sijo Thomas (Auditor, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-33 |
| 34 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് - പദ്ധതി പൂർത്തീകരണം വൈകി<br>Written By: Sijo Thomas (Auditor, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-34 |
| 35 | തെരുവുവിളക്ക് മെയിന്റനൻസ്- കരാറിലേയും തുക നല്കിയതിലേയും അപാകതകൾ<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-35 |
| 36 | കെ എസ് ഇ ബി -ഡെപ്പോസിറ്റ് വർക്ക്-വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-36 |
| 37 | ഡെപ്പോസിറ്റ് തുകയേക്കാൾ കുറഞ്ഞ തുകക്ക് വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം -ബാക്കി തുക കെ എസ് ഇ ബിയിൽ നിന്ന് ഈടാക്കണം.<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-37 |
| 38 | തെരുവുവിളക്കുകൾ വാങ്ങിയത് - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-38 |
| 39 | മോഡൽ ക്ലാസ് റൂം-ഇൻവോയ്സ്,ടി ആർ 59 ബിൽ,സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല-ചെലവ് തുക 2,91,042 തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-39 |
| 40 | സ്കൂളുകൾ, വായനശാലകൾ എന്നിവയ്ക്ക് പത്രമാസികകൾ- പദ്ധതിയിലെ അപാകതകൾ-1,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-40 |
| 41 | വായ്പ തിരിച്ചടവ്- എസ് സി പി വിഹിതത്തിൽ നിന്നും സർക്കാർ തുക കുറവ് ചെയ്തു<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 1-41 |
| 42 | വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-42 |
| 43 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്-ഒറിജിനൽ ടാക്സ് ഇൻവോയ്സുകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Bita.T.S (Audit Officer (HG), On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-43 |
| 44 | കന്നുകുട്ടി പരിപാലനം-പദ്ധതി വിട്ടുപോയി-പദ്ധതി വിഹിതം തിരിച്ചടക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-44 |

| | | |
|---|---|---|
| 45 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-45 |
| 46 | പ്രൈസ് സോഫ്റ്റ്‌വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്<br>Written By: P.A.Sivan (Audit Officer, On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-46 |
| 47 | ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല<br>Written By: P.A.Sivan (Audit Officer, On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-47 |
| 48 | മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-48 |
| 49 | ക്വാറി മക്ക് വില -പൊതുമരാമത്ത്, എൻ.ആർ.ഇ.ജി.എസ്. നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം<br>Written By: P.A.Sivan (Audit Officer, On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-49 |
| 50 | തൊഴിലുറപ്പുപദ്ധതി<br>Written By: P.A.Sivan (Audit Officer, On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-50 |
| 51 | അംഗൻവാടി പോഷകാഹാരം - പ്രൊജക്ട് ഫയൽ അനുബന്ധ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ സഹിതം പൂർണ്ണമായി ലഭ്യമാക്കുന്നതു വരെ ചെലവുതുക 5004099 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Bita.T.S (Audit Officer (HG), On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 1-51` |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Bita.T.S (Audit Officer (HG), On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Bita.T.S (Audit Officer (HG), On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Bita.T.S (Audit Officer (HG), On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 4-7 |

| | | |
|---|---|---|
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bita.T.S (Audit Officer (HG), On 26-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Bita.T.S (Audit Officer (HG), On 25-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 27.03.2020, 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 226559125 | 223683756 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 31.01.2020 1(2) | |
| പ്രതീക്ഷിത വരവ്. ചെലവ് എന്നിവ | വരവ് | ചെലവ് |
| | 300772836 | 298117892 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 09-06-2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22673780 |
| വരവ് | 124380868 |
| ആകെ | 147054648 |
| ചെലവ് | 114764549 |
| നീക്കിയിരിപ്പ് | 32290099 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 32003562 | 32003562 | 17550365 | 14453197 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7731471 | 7731471` | 4274991 | 3456480 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 162000 | 162000 | 149123 | 12877 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 19792000 | 19792000 | 10988216 | 8803784 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6821000 | 6821000 | 4521751 | 2299249 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 17615342 | 17615342 | 10062378 | 7552964 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 264 | 172901375 | 136 | 78372724 | 114 | 14 | 51.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 876 | 1429229 | 1430105 | 1430105 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 32180064 | 32180064 | 32180064 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47400 | 59 |
| കർഷകതൊഴിലാളി പെൻഷൻ | 2245200 | 364 |
| വിധവാപെൻഷൻ | 11467800 | 2120 |
| വാർദ്ധക്യകാലപെൻഷൻ | 15932700 | 3030 |
| വികലാംഗപെൻഷൻ | 3664900 | 658 |
| അവിവാഹിത പെൻഷൻ | 360000 | 69 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 420000 | 14 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.21ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2413/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി തന്നെ പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്ററുകളും രേഖകളും ഏറെക്കുറെ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. കോവിഡ് രംഗപ്രവേശം ചെയ്തത് സാമ്പത്തികവർഷം പദ്ധതി പ്രവർത്തനങ്ങളെ, പ്രധാനമായും മരാമത്ത് പ്രവൃത്തികളെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. പദ്ധതിപ്രവർത്തനങ്ങളുടെ മോണിറ്ററിങ് റിപ്പോർട്ട് പ്രൊജക്റ്റ് ഫയലിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ളത് പ്രത്യേക പരാമർശമർഹിക്കുന്നു. വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ ആയത് രേഖപ്പെടുത്തി ആധികാരികമാക്കുന്ന കാര്യം കൂടി ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ചുള്ള ചർച്ചകൾ ഇനിയും പ്രാബല്യത്തിലായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനെപ്പറ്റിയും സാംഖ്യ-സഞ്ചയ സോഫ്റ്റ്‌വെയർ അപാകതകൾ പരിഹരിക്കുന്ന കാര്യത്തിനും കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടിൽ നിലവിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചാൽ തന്നെ അത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ നേട്ടമായി കണക്കാക്കാവുന്നതിനാൽ ആയതിനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുവാൻ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിനെ അറിയിക്കാതെ വീടുകളുടെ

എക്സ്റ്റൻഷൻ പ്രവൃത്തികൾ നടത്തുന്നതിനാൽ കെട്ടിട നികുതി വരുമാനത്തിൽ ചോർച്ചയുള്ളതായി ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശിച്ചിട്ടുണ്ട്. വരവു ചെലവിനങ്ങളിലും പദ്ധതി പ്രവർത്തനങ്ങളിലുമുള്ള അപാകതകളും നിരീക്ഷണങ്ങളും ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിൽ അതതു ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

## 1-10 വാർഷികകണക്കുകൾ- എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-11 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,73,32,394 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 96,16,319 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-12 വസ്തു നികുതി (റെസിഡെൻഷ്യൽ)-ഡിസിബി പത്രിക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3397862 | 3209452 | 62459 | 161087 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3397862 | 3207086 | 84185 | *161087 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | * (171747/105X100) = 163569 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. മുൻകൂർ തുക ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 വസ്തു നികുതി (നോൺ റെസിഡെൻഷ്യൽ)- ഡിമാന്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3070938 | 2968534 | 31019 | 138006 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3070938 | 2864396 | 19953 | *138006 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(144951 /105X100=138049 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. മുൻകൂർ തുക ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തു നികുതി-റെസിഡൻഷ്യൽ(കുടിശ്ശിക)-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 996763 | 826551 | 176552 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1083651 | 824338 | **176552 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക , | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)(188109/105X100)= 179151 ചെറിയ തുക വ്യത്യാസം, റൗണ്ട് |

| | | | |
|---|---|---|---|
| | (586247+551587=1137834/105*100)=1083651 | ഷെഡ്യൂൾ ആർ.പി-43) | ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. മുന്നിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

2. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

## 1-15 വസ്തു നികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 608201 | 398190 | 224367 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | **634392 | 398190 | **224367 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(380173.+285939= 666112/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | **241777(/105X100) = 230264<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. മുന്നിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-16 വസ്തു നികുതി-ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂർ തുക- ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues – | 39432 | 523410 |

| | | | |
|---|---|---|---|
| | Property Tax On Residential Building | | |
| 2 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 31953 | 168442 |

## 1-17 വസ്തു നികുതി -ഡിമാന്റ് എൻട്രി യഥാസമയം രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം (ജനുവരി, മാർച്ച് മാസങ്ങളിൽ) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തു നികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 വസ്തു നികുതി മുൻകൂർ തുക- സാങ്കല്പികമായി വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 31,593 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നോൺ – റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 41900406 | 31/3/21 | 310193 (Cr) |
| 41900407 | 31/3/21 | 278516(Dr) |
| മുൻകൂർ സാങ്കല്പികമായി വർദ്ധിപ്പിച്ചത് 310193-278516 =31593 | | |

## 1-19 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)- വാർഷികകണക്കും ഡിസിബി രജിസ്റ്ററും

## പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 173982 | 53342 | 227324 | 163756 | 42497 | 206253 | 3518 | | 8294 | 9344 | 17862 |
| | നോൺ-റെസിഡൻഷ്യൽ | 154721 | 37989 | 192710 | 149344 | 20081 | 169425 | 1593 | | 6945 | 17410 | 22266 |
| | ആകെ | | | 420034 | | | 375678 | 5111 | | 40128 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 427111 | | | 375444 | | | | 382755 | 40128 | | |
| | | 95731+331380 = (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/ Levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. മുന്നിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.

2. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

3. മുൻകൂർ ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല

4. "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

5. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 3,75,444 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 3,75,678 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 3,82,755 രൂപയാണ്. (വൗച്ചർ 41900378, 41900379, 41900380, 41900381, 41900385 തീ 31/3/20)

## 1-20 രേഖകളില്ലാതെ തുക വരുമാനമായും ചെലവായും ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income – Property Tax On Residential Buildings | 104725 |

| | |
|---|---|
| 280100104-Prior Period Income - Property Tax On Non Residential Buildings | (4241) |
| 280100102-Prior Period Income-Profession Tax-inst. / Pro./trad. | (15815) |
| 280800701-Prior Period-Misc.Expenses | 4000 |

## 1-21 ജേണൽ എൻട്രികൾക്കുള്ള വൗച്ചർ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തില്ല.

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-23 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 68,32,097 രൂപ നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും സെക്രട്ടറി ഭൗതിക പരിശോധന നടത്തുന്ന വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-24 തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ളതും തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കുന്നതുമായ വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 3,36,10,169 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 60,462 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1. | അങ്കണവാടി പരിസരം റോഡ് കോൺക്രീറ്റിംഗ് | 15276 |

| | | |
|---|---|---|
| 2. | വാർഡ് 10 – കോളനി റോഡ് കോൺക്രീറ്റിംഗ് | 16882 |
| 3. | വാർഡ് 13 – റോഡ് കോൺക്രീറ്റിംഗ് | 12787 |
| 4. | വാർഡ് 18 - വാകച്ചാൽ റോഡ് – റോഡ് കോൺക്രീറ്റിംഗ് | 9284 |
| 5. | വാർഡ് 20 – ഒരുമ റോഡ് കോൺക്രീറ്റിംഗ് | 6233 |
| | ആകെ | 60462 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 60,462 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 60,462 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. 2020-21 ൽ ആസ്തി നിർമാണത്തിന് ചെലവായ 10,99,983 രൂപ ചേർക്കാതിരുന്നത് 2021-22 വർഷത്തിൽ അതാത് ആസ്തി/Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

## 1-25 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-26 കിട്ടാൻ സാധ്യത കുറഞ്ഞ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കുടിശ്ശിക തുകയിൽ വ്യത്യാസമുണ്ടെങ്കിലും 31/3/19 ലെ ബാലൻസ്ഷീറ്റിലെ അതേ തുകതന്നെ Accumalated Provision എന്ന ശീർഷകത്തിൽ ഉൾപ്പെട്ടു. (കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും വർഷം തിരിച്ചുള്ള കുടിശ്ശിക കണക്കുകൾ ലഭ്യമല്ലാത്തതിനാലും 2 വർഷത്തിൽ താഴെയുള്ള കുടിശ്ശിക തുകയാണോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.)

## 1-27 മുൻകൂറായി ലഭിച്ച വരുമാനങ്ങൾ- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 166870 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 62700 |

## 1-28 വരവ് രജിസ്റ്ററുകൾ- വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ്

അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

## 1-29 സർക്കാർ വായ്പ തിരിച്ചടവിലേക്ക് കുറവ് ചെയ്ത തുക വാർഷികകണക്കിൽ കുറവ് ചെയ്തില്ല

വായ്പ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.വായ്പയുടെ ലെഡ്ജർ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു

| | |
|---|---|
| 31/3/19 ലെ വായ്പ ബാക്കി | 20988922 |
| കൂട്ടുക - 2019-20 ൽ എടുത്ത വായ്പ | 10656785 |
| ആകെ വായ്പ | 31645707 |
| കുറയ്ക്കുക - 2019-20 ൽ ബജറ്റ് വിഹിതത്തിൽ നിന്ന് കുറവ് ചെയ്തത്. | |
| സർക്കാർ ഉത്തരവ് 6105/19 ധനം തീ 1/8/19 നമ്പർ പ്രകാരം കുറവ് ചെയ്തത് -പൊതു വിഭാഗം (പ്രോജക്റ്റ് 254) | 1132353 |
| സർക്കാർ ഉത്തരവ് 6105/19 ധനം തീ 1/8/19 നമ്പർ പ്രകാരം കുറവ് ചെയ്തത് -എസ്സിപി (പ്രോജക്റ്റ് തയ്യാറാക്കിയില്ല) | 36765 |
| സർക്കാർ ഉത്തരവ് 10050/19 ധനം തീ 21/12/19 നമ്പർ പ്രകാരം കുറവ് ചെയ്തത് . (പ്രോജക്റ്റ് 255) | 1132353 |
| സർക്കാർ ഉത്തരവ് 10050/19 ധനം തീ 21/12/19 നമ്പർ പ്രകാരം കുറവ് ചെയ്തത് -എസ്സിപി (പ്രോജക്റ്റ് തയ്യാറാക്കിയില്ല) | 36764 |
| ആകെ കുറവ് ചെയ്തത് | 2338235 |
| ബാക്കി 31/3/20 ൽ അടവാക്കാനുള്ളത് | 29307472 |
| 31/3/20 ൽ അടക്കാൻ ബാക്കിയുള്ളതായി ലെഡ്ജർ പ്രകാരവും ആയത് ബാലൻസ്ഷീറ്റിൽ ചേർത്തതുമായ തുക | 31645707 |
| വ്യത്യാസം | 2338235 |

വ്യത്യാസത്തിന് കാരണം പദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത തുകക്ക് (2338235 രൂപ ) പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും ആയത് തുക ജേണൽ മുഖേന പൊതുവിഹിതത്തിൽ വരുമാനവും ലോൺ തിരിച്ചടവും ആയി രേഖപ്പെടുത്തൽ വരുത്താത്താണ്. എസ് സി പി വിഹിതത്തിന് പ്രോജക്റ്റും തയ്യാറാക്കിയില്ല, ജേണൽ മുഖേന രേഖപ്പെടുത്തലും വരുത്തിയില്ല. ഇതിനാൽ പൊതു വിഹിതം, എസ് സി പി വരുമാനം വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ കുറവ് ചെയ്ത തുക ലോൺ തിരിച്ചടവായും ഉൾപ്പെടുത്തിയില്ല. 2019-20 ലെ മേൽ ലോൺ തിരിച്ചടവ് 2021-22 വർഷത്തിൽ "Prior Period" ഇനത്തിൽ വരുമാനമായി ചേർത്തും ലോൺ തിരിച്ചടവ് ചേർത്തും ക്രമീകരിക്കേണ്ടതാണ്.

## 1-30 സർക്കാർ വിവിധ ഇനങ്ങളിൽ ഗ്രാന്റിൽ നിന്ന് കുറവ് ചെയ്ത തുക വാർഷികകണക്കിൽ ചെലവായി രേഖപ്പെടുത്തിയില്ല

സർക്കാർ ബജറ്റ് വിഹിതത്തിൽ നിന്ന് കുറവ് ചെയ്ത തുകകൾ പഞ്ചായത്തിന്റെ വാർഷികകണക്കിൽ വരുമാനവും ചെലവുമായി ചേർക്കാത്ത (വായ്പ ഒഴികെയുള്ള ഇനങ്ങൾ, വായ്പ പ്രത്യേക ഖണ്ഡികയായി ചേർത്തിരിക്കുന്നു) മറ്റിനങ്ങൾ

ചുവടെ ചേർക്കുന്നു

| സർക്കാർ ഉത്തരവ് | കുറവ് ചെയ്ത തുകകൾ | |
|---|---|---|
| | അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം | ഇലക്ട്രിസിറ്റി ചാർജ്ജ് |
| സർക്കാർ ഉത്തരവ് 2772/19 ധനം തീ.3/4/19 നമ്പർ പ്രകാരം കുറവ് ചെയ്തത് | 671600 | 332 |
| സർക്കാർ ഉത്തരവ് 10050/19 ധനം തീ.21/12/19 നമ്പർ പ്രകാരം കുറവ് ചെയ്തത് | 671600<br>100740 | |

ഈ ചെലവുകൾക്ക് പ്രോജക്റ്റ് തയ്യാറാക്കുകയോ ജേണൽ മുഖേന ചെലവ് രേഖപ്പെടുത്തുകയോ ചെയ്യാത്തതിനാൽ വാർഷികകണക്കിൽ അത്രയും രൂപ പൊതുവിഹിതത്തിൽ കുറവ് വരുമാനമായി രേഖപ്പെടുത്തപ്പെട്ടു, അത്രയും തുക ചെലവ് ശീർഷകത്തിലും ഉൾപ്പെട്ടിട്ടില്ല. കെ എസ് ഇ ബി ക്കുള്ള കുടിശ്ശിക തുക അടവാക്കിയത് അത്രയും തുക കുടിശ്ശിക കുറവ് ചെയ്യപ്പെട്ടു എന്ന് ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തുന്നതിനും കഴിഞ്ഞില്ല. (ബാലൻസ്ഷീറ്റിൽ തുക അടവാക്കാനുള്ളതായി കാണുന്നുമില്ല.)

## 1-31 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവേ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും, സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. ഈ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിച്ചതായും കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | മാധവ് ഐസ് പ്ലാന്റ് | 4 |
| 2. | T M ട്രേഡേഴ്സ് | 4 |
| 3. | ഷഹാസ് സോമിൽ | 3 |
| 4. | താജ് ട്രേഡേഴ്സ് | 5 |
| 5. | അഴിക്കോട് കയർ സൊസൈറ്റി | 2 |
| 6. | ഗ്രീൻ കാർട്ടൻ ഇൻഡസ്ട്രീസ് | 10 |
| 7. | റാണി ഫെർട്ടിലൈസർ ഇൻഡസ്ട്രീസ്, അഴീക്കോട് | 3 |
| 8. | മാസ്റ്റർ എഞ്ചിനീയറിംഗ് വർക്ക്സ് | 3 |
| 9. | യൂണിവേഴ്സൽ ആർദ്രം വീൽ ടൈൽസ് | 7 |

| | | |
|---|---|---|
| 10. | EMERALD BAGS, എറിയാട് | 3 |
| 11. | WIMBIS BAKES, എറിയാട് | 7 |
| 12. | കസിൻസ് എഞ്ചിനീയറിംഗ് വർക്ക്സ് | 5 |
| 13. | എറിയാട് ഫ്യവൽസ് | 10 |
| 14. | AFCO ഹൈപ്പർ മാർക്കറ്റ്, പേ ബസാർ | 6 |
| 15. | ഗുലാൻ മോട്ടോർസ്, എറിയാട് | 3 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.36/19-20 തീയതി:27.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-32 ലൈസൻസ് അപാകതകൾ

1. പഴയ മാതൃകയിലുള്ള അപേക്ഷ ഫോറം ഉപയോഗിക്കുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ (അ) നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ അപേക്ഷകർ പഴയ മാതൃകയിലുള്ള അപേക്ഷാ ഫോറം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിലോ അനുബന്ധ രേഖകളിലോ മൂലധന നിക്ഷേപം സംബന്ധിച്ച യാതൊരു വിധത്തിലുള്ള വിവരവും രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ടി അപേക്ഷകരിൽ നിന്നും ഏത് മാനദണ്ഡപ്രകാരമാണ് ലൈസൻസ് തുക പിരിച്ചത് എന്നതിൽ വ്യക്തതയില്ല.

2. മെഷിനറി റണ്ണിംഗ് ഫീസ് കൃത്യമായി ഈടാക്കുന്നില്ല

2019-20 സാമ്പത്തിക വർഷത്തെ ഡി ആൻഡ് ഒ ലൈസൻസ് രജിസ്റ്ററും, സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മെഷീനറി റണ്ണിംഗ് ഫീസ് ഈടാക്കാത്തതായും, ചിലരിൽ നിന്നും കുറവ് തുക ഈടാക്കിയതായും കാണുന്നു. വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | മെഷിനറി യൂണിറ്റ്(HP) | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|
| 1. | മറൈൻ ഫ്യവൽ കോർപ്പറേഷൻ | ¾ HP | - | 10 |
| 2. | യൂണിവേഴ്സൽ പൈപ്പ്സ് | 25 HP | 200 | 300 |
| 3. | TM ട്രേഡേഴ്സ് | 12 HP | 100 | 200 |
| 4. | P B ഓഫ്സെറ്റ് പ്രിന്റേഴ്സ് | 2 HP | - | 50 |
| 5. | ശ്രീ അയ്യപ്പ ഐസ് ഫാക്ടറി | 48 HP | 400 | 500 |
| 6. | കസിൻസ് എഞ്ചിനീയറിംഗ് വർക്ക്സ് | 10 HP | - | 100 |
| 7. | മത്സ്യഫെഡ്, അഴീക്കോട് | 15 HP | 100 | 200 |

| | | | | |
|---|---|---|---|---|
| 8. | കൃഷ്ണ ടയർ വർക്ക്സ്, എറിയാട് | 1 HP | - | 10 |
| 9. | യുണൈറ്റഡ് ഡിസൈൻ സോഫാസ്,എറിയാട് | 6 HP | - | 100 |
| 10. | സേഫ് വെൽഡിംഗ് വർക്ക്സ് | 10 HP | - | 100 |

2019-20 സാമ്പത്തിക വർഷത്തിൽ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മെഷിനറി ഫീസ് ഈടാക്കാത്തതിലും, ചില സ്ഥാപനങ്ങളിൽ നിന്നും കുറവ് തുക ഈടാക്കിയതിലും വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം:38/19-20 26.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി സ്ഥാപനങ്ങളിൽ നിന്നും മെഷിനറി ഫീസ് കൃത്യമായി ഈടാക്കി പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-33 അനധികൃത ബോർഡുകൾ രണ്ട് വർഷമായിട്ടും ലേലം ചെയ്തിട്ടില്ല

എറിയാട് ഗ്രാമപഞ്ചായത്തിന്റെ 11 (1)/20.05.2019 നമ്പർ യോഗ തീരുമാനപ്രകാരം അനധികൃത ബോർഡുകൾ ലേലം ചെയ്യാൻ തീരുമാനിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ലേലം ചെയ്തിട്ടില്ല. തീരുമാനമെടുത്ത് രണ്ട് വർഷമായിട്ടും ബോർഡുകൾ ലേലം ചെയ്യാത്തതിനാൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.33/19-20, 20-21 തീയതി:26.11.2021) അനധികൃത ബോർഡുകൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ലേലനടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് - പദ്ധതി പൂർത്തീകരണം വൈകി

| | |
|---|---|
| പദ്ധതിയുടെ പേര് | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ 2019-20 |
| പദ്ധതിയുടെ നം. | S0028/20 |
| ആകെ അടങ്കൽ | 297635 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

എറിയാട് പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ലാപ്ടോപ്പ് വാങ്ങി നൽകുന്ന പദ്ധതിയ്ക്കായി നിർവ്വഹണ ഏജൻസിയായ കെൽട്രോണിന് ബിൽ നം.03/19-20 തീയതി: 28.12.2019 പ്രകാരം 2,97,635/- രൂപ മുൻകൂറായി അനുവദിച്ചിരുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ ടി പദ്ധതിയുടെ പൂർത്തീകരണത്തിനായി ഏകദേശം ഒരു വർഷത്തിനു ശേഷം അഥവാ 2020-21 സാമ്പത്തികവർഷത്തിലാണ് കെൽട്രോൺ ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുള്ളത്. ടി പദ്ധതിയിൽ ഉൾപ്പെട്ട ആകെ 13 വിദ്യാർത്ഥികളിൽ 5 വിദ്യാർഥികൾ അവസാന വർഷ ബിരുദ വിദ്യാർത്ഥികളാണ്. ഈ വിദ്യാർത്ഥികൾക്ക് പഠിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ ലഭിക്കാതെ പഠനം പൂർത്തിയാക്കിയ ശേഷം ലാപ്ടോപ്പ് ലഭിച്ചതു കൊണ്ട് എത്ര മാത്രം ഉപകരിച്ചു എന്നത് വ്യക്തമല്ല. ആയതിനാൽ തുടർന്നു വരുന്ന വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ വിദ്യാർത്ഥികൾക്ക് ഉതകും രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കാനും കാലതാമസം സർക്കാർ ശ്രദ്ധയിൽ കൊണ്ടു വരാനും നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-35 തെരുവുവിളക്ക് മെയിന്റനൻസ്- കരാറിലേയും തുക നല്കിയതിലേയും അപാകതകൾ

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ബിൽ തുക | ആദായ നികുതി 1% TDS കഴിച്ചുള്ള തുക | വൗച്ചർ നമ്പർ | ചെക്ക് നമ്പർ (തനത് ഫണ്ട് ടി ഡി സി ബി) | തീയ്യതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 12-തെരുവുവിളക്കുകളുടെ പരിപാലനം | 1,27,065 | 1,25,794 | 21900944 | 010065 | 18/12/19 |
| | 1,81,930 | 1,80,110 | 21901092 | 010120 | 17/1/20 |
| 298-21 തെരുവുവിളക്ക് പരിപാലനം | 1,10,915 | 1,09,805 | 21901430 | 010977 | 17/3/20 |
| | 70,000 | 69,300 | 22000414 | 012773 | 12/8/20 |
| | 59,665 | 59,674 | 21900597 | 8768 | 11/10/20 |
| ആകെ | 5,49,575 | | | | |

തകരാറുള്ള തെരുവുവിളക്കുകളുടെ സാധനങ്ങളുടെ സപ്ലേയും മെയിന്റനൻസും ഉൾപ്പെടെയുള്ള വാർഷിക മെയിന്റനൻസിന് ടെണ്ടർ ക്ഷണിക്കുകയും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.നിഖിൽ കുമാർ കെ എൻ എന്നവരുമായി 2/9/19 ൽ കരാറിലേർപ്പെടുകയും ചെയ്തു. ഓരോ വാർഡിലും മെയിന്റനൻസ് നടത്തിയതിന്റെ വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ, മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ ക്രോഡീകരിച്ച് ആകെ റിപ്പയർ ചെയ്തവയുടെ എണ്ണം കണക്കാക്കി 2019-20, 2020-21 എന്നീ വർഷങ്ങളിലായി, 4 തവണയായി കരാറുകാരന് തുക നല്കിയിട്ടുണ്ട്. പദ്ധതിയുടെ രേഖകൾ സൂക്ഷിക്കുന്നതിലും കരാറുകാരന് തുകനൽകിയതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കുലർ നമ്പർ 18/19/ധനം തീ 1/3/19 ഖണ്ഡിക 4 പ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവരിൽ നിന്നാണ് ടെണ്ടറുകൾ ക്ഷണിക്കേണ്ടത്. ശ്രീ.നിഖിൽകുമാറിന് ജിഎസ് ടി രജിസ്ട്രേഷൻ ഉണ്ടെങ്കിലും ജിഎസ് ടി നിയമം 2017 വകുപ്പ് 31(2) പ്രകാരമുള്ള ഇൻവോയ്സ് പഞ്ചായത്തിന് നല്കിയിട്ടില്ല. കരാർ പ്രകാരമുള്ള നിരക്ക് കണക്കാക്കി തുക നല്കിയപ്പോൾ കരാറുകാരനിൽ നിന്ന് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

2. സർക്കാർ ഉത്തരവ് (പി)113/19 തീ 24.7.19 പ്രകാരം സ്റ്റാമ്പ് നിയമം 1959 ന് വരുത്തിയ ഭേദഗതി അനുസരിച്ച് പട്ടിക ക്രമ 5(f) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തിക്കും സർവ്വീസ് ലെവൽ കരാറുകൾക്കും കരാർ തുകയുടെ ഓരോ ആയിരം രൂപയ്ക്കും അതിന്റെ ഭാഗത്തിനും 1 രൂപ സ്റ്റാമ്പ് ആവശ്യമാണ്. (കുറഞ്ഞ തുക 200 പരമാവധി തുക 1,00,000). നിഖിൽ കുമാറുമായുള്ള കരാർ തുക 5,50,295 രൂപയാണ് . 550 രൂപയുടെ സ്റ്റാമ്പ് പേപ്പറിന് പകരം 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിലാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്.

3. കരാറുകാരനായ ശ്രീ നിഖിൽകുമാറുമായി സെക്രട്ടറി ഒപ്പിട്ട കരാർ നമ്പർ ഡി1/എ5/19-20/5 തീ 2/9/19 ൽ ഓരോ ഇനം തെരുവുവിളക്കുകളുടെയും നിരക്കായി ചേർത്തിരിക്കുന്നത് കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ കിരൺ എം ജി ക്വാട്ട് ചെയ്ത നിരക്കാണ്. (തുക നല്കിയിരിക്കുന്നത് ശ്രീ നിഖിൽകുമാർ ക്വാട്ട് ചെയ്തതും പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതുമായ നിരക്കുതന്നെയാണ്). കരാറിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 21 തീ 24/11/21)

## 1-36 കെ എസ് ഇ ബി -ഡെപ്പോസിറ്റ് വർക്ക്-വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല

നിർവ്വഹണം – സെക്രട്ടറി

| പ്രോജക്റ്റ് | തുക | ട്രഷറി ബിൽ നമ്പർ | തീയ്യതി | വൗച്ചർ | ശീർഷകം |
|---|---|---|---|---|---|
| 13-സ്ട്രീറ്റ് മെയിൻ വലിക്കൽ | 6,44,669 | 5 | 27/7/19<br>27/7/19 | 21900705 (Payment)<br>41900363 (Journal) | 412010101 Capital Work In Progress Electricity - Street Lights |

ഡെപ്പോസിറ്റ് പ്രവൃത്തിക്ക് വേണ്ടി മേൽ പ്രകാരം കെ എസ് ഇ ബി എറിയാട് സെക്ഷന് നല്കിയ 6,44,669 രൂപയിൽ 2,96,947 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കിട്ടിയതായി കാണുന്നില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതിന് മുമ്പ് തന്നെ ആയത് ആസ്തിയായി കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നു. (ഓഡിറ്റ് എൻക്വയറി 21 തീ 24/11/21) .
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ എസ് ഇ ബിക്ക് കത്ത് നല്കിയതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ “460500202- Advance To Implementing Agencies-

Deposit With KSEB) എന്ന ശീർഷകത്തിലേക്ക് മേൽ തുക ക്രമീകരിക്കേണ്ടതാണ്.

## 1-37 ഡെപ്പോസിറ്റ് തുകയേക്കാൾ കുറഞ്ഞ തുകക്ക് വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം -ബാക്കി തുക കെ എസ് ഇ ബിയിൽ നിന്ന് ഈടാക്കണം.

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്ക്റ്റ് | തുക | ചെക്ക് നമ്പർ | തീയ്യതി | വൗച്ചർ |
|---|---|---|---|---|
| 18- പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 6906<br>34078 | 010089<br>00854 | 27/12/19<br>27/11/19 | 21900984 (Payment)<br>21900863 (Payment) |
| ആകെ | 40984 | | | |

കെ എസ് ഇ ബിയുടെ കത്ത് DBPPS/AE/ERD/21-22/37 തീ 15.7.21 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമായത് 35,978 രൂപക്ക് ആണ്. 5,006 രൂപയുടെ കുറവ് വിനിയോഗം കാണുന്നു. 5,006 രൂപ കെ എസ് ഇ ബിയിൽ നിന്ന് ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 21 തീ 24/11/21).കെ എസ് ഇ ബിയിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ കത്തു നല്കിയിട്ടുണ്ടെന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്.

## 1-38 തെരുവുവിളക്കുകൾ വാങ്ങിയത് - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്ക്റ്റ് | തുക | ട്രഷറി ബിൽ നമ്പർ | തീയ്യതി | വൗച്ചർ | ശീർഷകം |
|---|---|---|---|---|---|
| 21- തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ | 279350 | 29 | 20/1/20 | 21901233 | 252100101 Energy - Electrification Of Street Lights- General |

1. ഭരണസമിതിയുടെ 7/9/19ലെ 6(13) നമ്പർ തീരുമാനം പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കൊല്ലം എന്ന സ്ഥാപനത്തിൽ നിന്ന് 151 സിംഗിൾ ട്യൂബ് സെറ്റ് വാങ്ങിയിട്ടുണ്ട്. 12/20 നമ്പർ പ്രോജക്റ്റ് പ്രകാരം നിലവിലുള്ള തെരുവുവിളക്കുകളുടെ മെറ്റീരിയൽ ഉൾപ്പെടെ സംരക്ഷണത്തിന് പ്രോജക്റ്റ് രൂപീകരിച്ചിട്ടുള്ളതും കരാർ നിലവിലുള്ളതുമാണ്. മേൽ പ്രകാരം കൂടുതലായി വാങ്ങിയ സിംഗിൾ റ്റ്യൂബുകൾ എപ്രകാരമാണ് ഉപയോഗിച്ചതെന്ന വിവരം ഫയലിലില്ല. മുൻ വർഷങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് വലിച്ച സ്ഥലങ്ങളിൽ സ്ഥാപിക്കാനാണ് ഇവ വാങ്ങിയതെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്. എന്നാൽ ഭരണസമിതി തീരുമാനത്തിൽ ഇപ്രകാരം പരാമർശം ഇല്ല. ഇത്തരത്തിൽ വാങ്ങൽ നടത്തുമ്പോൾ അവ എവിടെ സ്ഥാപിക്കുന്നതിനാണ് തുടങ്ങിയ കാരണങ്ങൾ വ്യക്തമായി ഭരണസമിതി തീരുമാനങ്ങളിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2. ഇവ വാങ്ങിയത് ചേർത്ത സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല, ഉപയോഗിച്ചതിന്റെ വിവരങ്ങൾ ഇല്ല. സ്റ്റോക്ക് രജിസ്റ്റർ ഫയലിൽ സൂക്ഷിച്ചത് ഓഡിറ്റിനെ ബോധ്യപ്പെടുത്തി എന്നാണ് മറുപടി നല്കിയിട്ടുള്ളത്. എന്നാൽ ഫയലിൽ ഓരോ വാർഡ് മെമ്പർമാരുടെ പേരും എണ്ണവും രേഖപ്പെടുത്തിയ സ്റ്റോക്ക് അക്കൗണ്ടിന്റെ പേജിന്റെ പകർപ്പാണ് ലഭ്യമാക്കിയിരിക്കുന്നത്. അവ കൈപ്പറ്റിയ ആളുടെ ഒപ്പ്, എപ്രകാരം അവ സ്ഥാപിച്ചു എന്നീ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3. സാധനങ്ങൾ വാങ്ങുന്നത് "430100102-Purchase Of Materials-Stores" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അവ ഉപയോഗിക്കുന്നതിനനുസരിച്ച് ചെലവ് ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്നിരിക്കെ സാധനങ്ങൾ വാങ്ങിയപ്പോൾതന്നെ നേരിട്ട് ചെലവായി രേഖപ്പെടുത്തി. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാലും

അക്കൗണ്ടിംഗ് മേൽ രീതിയിൽ ചെയ്യാത്തതിനാലും ഭരണസമിതി തീരുമാനത്തിൽ വ്യക്തതയില്ലാത്തതിനാലും സാധനങ്ങളുടെ വിനിയോഗം കൃത്യമായി നിരീക്ഷിക്കാൻ സാധിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി 21 തീ 24/11/21). കൃത്യമായ ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിലെ അപാകത ഭാവിയിൽ ഒഴിവാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-39 മോഡൽ ക്ലാസ് റൂം-ഇൻവോയ്സ്,ടി ആർ 59 ബിൽ,സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല-ചെലവ് തുക 2,91,042 തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- ഹെഡ്മാസ്റ്റർ എൽ പി സ്കൂൾ

| പ്രോജക്റ്റ് നമ്പർ | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ചെലവ് വിവരം | വൗച്ചർ | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|---|
| 58-മോഡൽ ക്ലാസ് റൂം | 5 | 21/1/20 | 240852 | പ്രഫോർമ ഇൻവോയ്സ് SMCMJRI/PR /19-20/623 തീ 14.1.20 പ്രകാരം സിഡ്കോ യ്ക്ക് നല്കിയ തുക (Steel Desk 22,steel Bench 22, Steel Table 2, Steel Visitor Chair 2) | 21901496 | 251101301 Education-Related Activities - General |
| | 6 | 24/2/20 | 4400 | കെൽട്രോൺ ഇൻവോയ്സ് നമ്പർ ITP/08804 /19-20 തീ 27/1/20 പ്രകാരം പ്രോജക്റ്റർ സ്ക്രീൻ വാങ്ങിയതിന്റെ തുക നല്കിയത് | 21901495 | |
| | 4 | 21/1/20 | 45790 | ടി ആർ 59 ബിൽ ഫയലിൽ ഇല്ല. (കെൽട്രോൺ നല്കിയ പ്രഫോർമ ഇൻവോയ്സ്, നമ്പർ 11946 തീ 28.11.19 രൂപ 45790 ഫയലിൽ ഉണ്ട്. (Laptop Medium Ubuntu)) | 21901255 | |

1. സിഡ്കോ ക്ക് നല്കിയ 2,40,852 രൂപയുടെ സാധനങ്ങൾ ലഭ്യമായതായോ ആയത് സ്റ്റോക്ക് എൻട്രി നടത്തിയതായോ

കാണുന്നില്ല. ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

2. കെൽട്രോൺ നല്കിയ 45,790 രൂപയുടെ സാധനങ്ങൾ ലഭ്യമായതായോ ആയത് സ്റ്റോക്ക് എൻട്രി നടത്തിയതായോ കാണുന്നില്ല. ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. ടി ആർ 59 ബിൽ ഫയിലിൽ ഇല്ല.

3. ലാപ്ടോപ്പ്, പ്രോജക്റ്റർ സ്ക്രീൻ, ഫർണീച്ചറുകൾ എന്നിവ വാങ്ങിയതിന്റെ /വാങ്ങാൻ മുൻകൂർ നല്കിയതിന്റെ തുക നല്കിയത് " 251101301 Education-Related Activities - General" എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തത് ഉചിതമല്ല. സാധനങ്ങൾ ലഭ്യമായിട്ടുള്ള പക്ഷം ബാലൻസ് ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തക്ക രീതിയിൽ “410710104 -Movable Assets - Furniture, Fixtures, Fittings & Electrical Appliances” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. മുൻകൂർ തുക നല്കിയിട്ടും സാധനങ്ങൾ ലഭ്യമാവാത്ത സംഗതിയിൽ ആയത് ഉചിതമായ മുൻകൂർ ശീർഷകത്തിലും (Advance To...) ഉൾപ്പെടുത്തേണ്ടതാണ് .
ഖണ്ഡിക 1,2 എന്നിവയിൽ പരാമർശിച്ച മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതു വരെ ചെലവ് തുക 2,91,042 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഖണ്ഡിക 3 ൽ പരാമർശിച്ചിരിക്കുന്ന അപാകത പഞ്ചായത്തിലെ അക്കൗണ്ടിംഗ് വിഭാഗം പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 22 തീ 24/11/21, മറുപടി ലഭ്യമാക്കിയില്ല.)

## 1-40 സ്കൂളുകൾ, വായനശാലകൾ എന്നിവയ്ക്ക് പത്രമാസികകൾ- പദ്ധതിയിലെ അപാകതകൾ- 1,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- ഹെഡ്മാസ്റ്റർ, എൽ പി സ്കൂൾ

| പ്രോജക്റ്റ് നമ്പർ | ചെക്ക് നമ്പർ | തീയ്യതി | തുക | ചെലവ് വിവരം |
|---|---|---|---|---|
| 67-സ്കൂളുകൾ, വായനശാലകൾ എന്നിവയ്ക്ക് പത്രമാസികകൾ | 6000105<br>6000104 | 28/10/19<br>28/10/19 | 30,000<br>70,000 | ടി ആർ 59 ബിൽ ഫയലിൽ ലഭ്യമല്ല. ചെലവ് വിവരങ്ങൾ ലഭ്യമല്ല. |

1. പദ്ധതി സബ്സിഡി മാർഗരേഖകൾ പ്രകാരം ഇപ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് പത്രമാസികകൾ വാങ്ങി നല്കുന്നതിന് പ്രോജക്റ്റുകൾ രൂപീകരിക്കാൻ അനുമതി ഉള്ളതായി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമം 1994 പട്ടിക 3 ൽ നിർവ്വചിച്ചിട്ടുള്ള പൊതുവായ ചുമതലകളിൽ X. വിദ്യഭ്യാസം ക്രമ നമ്പർ 3 ആയി വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോൽസാഹനവും ഉൾപ്പെടുന്നുണ്ട്. ഇത് പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള വായനശാലകൾക്ക് ആനുകാലികങ്ങൾ എന്ന പ്രോജക്റ്റ് വേറെ നടപ്പാക്കുകയും 4 വായനശാലകൾക്ക് 8,750 രൂപ വീതം ആനുകാലികങ്ങൾ വാങ്ങിയതിന്റെ ചെലവിലേക്ക് നല്കുകയും ചെയ്തിട്ടുള്ളതാണ്.

2. പ്രോജക്റ്റ് പ്രകാരം സ്കൂളുകൾ, വായനശാലകൾ എന്നിവയ്ക്ക് പത്രമാസികകൾ വാങ്ങി നല്കുന്നതിനാണ് എന്നിരിക്കെ അങ്കണവാടികൾ, ഐടിഐ എന്നിവയ്ക്ക് പത്രം വാങ്ങി നല്കിയിരിക്കുന്നതായി കാണുന്നു. മാത്രമല്ല ഒരേ പത്രങ്ങളും വാരികകളും ഒന്നിൽ കൂടുതൽ എണ്ണം (5 മുതൽ 20 എണ്ണം വരെ) ഒരേ സ്ഥാപനത്തിലേക്ക് വാങ്ങി നല്കിയതായും കാണുന്നു.

3. മേൽ സ്ഥാപനങ്ങളിൽ നിന്നോ സ്കൂളുകളിൽ നിന്നോ പത്രമാസികകൾ ലഭ്യമാക്കുന്നതിന് ആവശ്യകതയോ ഇവ ലഭ്യമായ ശേഷം രസീതോ ലഭ്യമാക്കിയതായും കാണുന്നില്ല.
4. ലൈബ്രറി പുസ്തകങ്ങൾ നല്കണമെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും പുസ്തകങ്ങൾ വാങ്ങിയതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകളും ലഭ്യമാക്കിയിട്ടില്ല.

5. ചെക്ക് മുഖേന 70,000 ചെലവഴിച്ചതിന്റെ രേഖകൾ ലഭിച്ചിട്ടില്ല.
മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കി, രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 1,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 22 തീ 24/11/21, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-41 വായ്പ തിരിച്ചടവ്- എസ് സി പി വിഹിതത്തിൽ നിന്നും സർക്കാർ തുക കുറവ് ചെയ്തു

സർക്കാർ ഉത്തരവ് (സാധാ) 6105/2019 ധനം തീ 1/8/2019, സർക്കാർ ഉത്തരവ് (സാധാ) 10050/2019 ധനം തീ 21/12/2019 എന്നിവ പ്രകാരം 36,765 രൂപ, 36,764 രൂപ എന്നിങ്ങനെ വികസനഫണ്ട് (എസ് സി പി) വിഹിതത്തിൽ നിന്നും ലൈഫ് വായ്പ തിരിച്ചടവിലേക്ക് കുറവ് ചെയ്തിരിക്കുന്നു. എന്നാൽ എസ് സി വിഭാഗത്തിന് ലൈഫ് പദ്ധതി

നടപ്പാക്കുന്നതിന് വായ്പ വിഹിതം ഉപയോഗിച്ചിട്ടില്ലാത്തതാണ്. ജനറൽ വിഭാഗത്തിന്റെ വായ്പ തിരിച്ചടവിന് എസ് സി വിഹിതം കുറവ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 21 തീ 24/11/21)

## 1-42 വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | തുക | ചെക്ക് നമ്പർ | വൗച്ചർ | തീയ്യതി | ശീർഷകം |
|---|---|---|---|---|---|
| 235 - പഞ്ചായത്ത് ഓഫീസിലേക്ക് നെറ്റ് വർക്കിംഗ് സംവിധാനങ്ങൾ | 298000 | 6000101 | 21900638 | 21/10/19 | 460500205 Advance To Implementing Agencies - Deposit With Public Works Department |

എസ്റ്റിമേറ്റിന്റെയും കരാറിന്റെയും അടിസ്ഥാനത്തിൽ പിഡബ്ല്യു ഡി ക്ക് തുക ഡെപ്പോസിറ്റ് ആയി നല്കിയിട്ടുണ്ട്. എന്നാൽ കരാറിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് രേഖപ്പെടുത്തിയിട്ടില്ല, സാങ്കേതികാനുമതി ഇല്ല. പൂർത്തീകരണ ധനവിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.
മേൽ പദ്ധതി പൂർത്തിയാക്കിയെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ പിഡബ്ല്യു ഡി ക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്. വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-43 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്-ഒറിജിനൽ ടാക്സ് ഇൻ വോയ്സുകൾ ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി
പ്രൊജക്ട് നം./പേര് – 57/20 (New) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്
Vr.No.21901253/27.12.2019 തുക –357357
മേൽ പ്രകാരം ലാപ്ടോപ്പ് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി. മിഷന് - കെൽട്രോൺ തുക കൈമാറി. കെൽട്രോണിന്റെ പ്രൊഫോർമ ഇൻ വോയ്സുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ഒറിജിനൽ ടാക്സ് ഇൻ വോയ്സുകൾ ലഭ്യമാക്കേണ്ടതാണ്. ലാപ്ടോപ്പുകൾ ലഭ്യമായത് എന്നാണെന്ന് വ്യക്തമല്ല. ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല. അപേക്ഷയോടൊപ്പമുള്ള കൈപ്പറ്റ് രസീതിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് {നം.12/24.11.2021} ലഭ്യമാക്കിയ മറുപടിയിൽ ഒറിജിനൽ ബിൽ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷന് കത്തു നൽകിയതായി അറിയിച്ചു. ആയത് ലഭ്യമാക്കുന്നതുവരെ ചെലവുതുക 3,57,357 രൂപ തടസ്സപ്പെടുത്തുന്നു.

## 1-44 കന്നുകുട്ടി പരിപാലനം-പദ്ധതി വിട്ടുപോയി-പദ്ധതി വിഹിതതം തിരിച്ചടക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : സീനിയർ വെറ്ററിനറി സർജൻ
പ്രൊജക്ട് നമ്പർ : 3/20
അടങ്കൽ തുക : 3,75,000/-
ബിൽ നമ്പർ : 7/24/10/19 – 375000/-
ശ്രീ.വിജയൻ പുന്നക്കപ്പറമ്പിൽ എന്ന ഗുണഭോക്താവ് 20/3/20 ന് ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ല എന്ന് കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടു. ആറുമാസം മാത്രമാണ് ടിയാൻ കാലിത്തീറ്റ വാങ്ങിയത്. ആയതിനാൽ SLBP ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ടിയാനു വേണ്ടി അധികമായി ഒടുക്കിയ പദ്ധതി വിഹിതം തിരികെ വാങ്ങി സഞ്ചിത നിധിയിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-45 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

ബിറ്റുമിൻ ഇമൽഷനുകൾ എന്നിവ ആവശ്യമായി വരുന്ന റോഡ് പ്രവൃത്തികളിൽ നിലവിലുള്ള സ്പെസിഫിക്കേഷൻ പ്രകാരം പാക്ക്ഡ് ബിറ്റുമിൻ റേറ്റ് ആണ് ഉപയോഗിക്കുന്നത്. ഇത്തരം സംഗതികളിൽ കാലി ബാരലിന്റെ വിലയായ

238 രൂപയും അതിൻമേലുള്ള ചരക്കുസേവനനികുതിയും ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല. ആയത് കരാറുകാരിൽനിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 പ്രൈസ് സോഫ്റ്റ്‌വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്

07.05.14 ലെ ത.സ്വ.ഭ. വകുപ്പിന്റെ MORD DATA യിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്കു വേണ്ടി സ.ഉ.(എം.എസ്)74/14 നമ്പർ ഉത്തരവിൽ 5% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ വേണ്ടി PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്റ്ററുടെ ലാഭം കൂട്ടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-47 ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല

2012ലെ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരമല്ല ഗ്രാമപഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥൻ ആയ അസി.എൻജിനീയർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ മാന്വലിലെ യാതൊരു മാനദണ്ഡവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറിലെ നാലാം നിബന്ധന പ്രകാരം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നിർവഹിക്കേണ്ടത്. കാലഹരണപ്പെട്ട കരാർ മാതൃകയാണിത്. കരാർ മാതൃക കാലോചിതമായി പുതുക്കേണ്ടതാണ്.

## 1-48 മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും

സാമ്പത്തികവർഷം 168 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ കോവിഡ് സാഹചര്യം മൂലം 68 (40.48%) പ്രൊജക്റ്റുകൾ മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. മൊത്തം 8,73,39,234 രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 2,75,04,952/- (31.49%) രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. പദ്ധതി പ്രവർത്തനത്തിലെയും പദ്ധതിച്ചെലവിലെയും കുറവ് അടുത്ത സാമ്പത്തികവർഷം പരിഹരിച്ചിട്ടുണ്ട്.

## 1-49 ക്വാറി മക്ക് വില -പൊതുമരാമത്ത്, എൻ.ആർ.ഇ.ജി.എസ്. നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം

അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന റോഡ് പണിക്കായി ഉപയോഗിക്കുന്ന ക്വാറിമക്കിനുള്ള നിരക്ക് ഡാറ്റ 51.2.3 പ്രകാരം ഘനമീറ്ററിന് 891.01 രൂപയാണ്. ക്വാറി മക്ക് വില 750 രൂപയാണ്. കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജ് എന്നിവ ഉൾപ്പെടെയാണ് മേൽ നിരക്ക് നിർണയിച്ചിട്ടുള്ളത്. എന്നാൽ തൊഴിലുറപ്പ് പദ്ധതിക്കായി ഉപയോഗിക്കുന്ന ക്വാറിമക്കിന്റെ നിരക്ക് ഘനമീറ്ററിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 1262.788 രൂപയാണ്. ഇവിടെ ക്വാറി മക്ക് വില 1250 രൂപയാണ്. കൂലിച്ചെലവുകൾ ഉൾപ്പെടെയാണ് മുകളിൽപറഞ്ഞ വില കണക്കാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനർ ആയുള്ള സാങ്കേതിക സമിതിയാണ് തൊഴിലുറപ്പ് പദ്ധതിയിലെ നിരക്കുകൾക്ക് അംഗീകാരം നൽകുന്നത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയിട്ടുള്ള സാങ്കേതിക സമിതിയാണ്. രണ്ടു നിരക്കും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. ഒരേ സ്ഥാപനത്തിൽ തന്നെ രണ്ട് വ്യത്യസ്ത നിരക്ക് പിൻതുടരുന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. വ്യത്യസ്തമായ നിരക്കുകൾ ഉപയോഗിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിരക്കുകൾ ഏകീകൃതമാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. തൊഴിലുറപ്പ് പദ്ധതിക്കായി ഉപയോഗിച്ച ക്വാറിമക്കിന്റെ അളവ്, അനുവദിച്ച തുക, മരാമത്തുവിഭാഗത്തിലായിരുന്നുവെങ്കിൽ വരുമായിരുന്ന ചെലവ് എന്നിവ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | ഇനം | ഉപയോഗിച്ച ക്വാറി മക്ക് | നൽകിയ തുക | പൊതുമരാമത്ത് നിരക്ക പ്രകാരം വരുന്ന തുക | നിരക്ക കളിലെ അന്തരം | അളവുപുസ്തകം |
|---|---|---|---|---|---|---|---|
| 1 | പതിനെട്ടാം വാർഡിൽ വാകച്ചാൽ റോഡ് – വടശ്ശേരി ചാലിൽ പരിസരം റോഡ് കോൺക്രീറ്റിങ് | 1 | 45.60m3 | 57583.13 | 40630.56 | 16953 | 258/19-20 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | പതിമൂന്നാം വാർഡ് പ്രിയ സനീഷ് പരിസരം ഗ്രാമീണ റോഡ് ,, | ,, | 36.67m3 | 46306.43 | 32673.34 | 13633 | 206/16-17 |
| 3 | പതിനാറാം വാർഡിൽ കോളനി റോഡ് ,, | ,, | 36.225m3 | 45744,50 | 32276.84 | 13468 | 369/19-20 |
| 4 | 56 നമ്പർ അംഗണവാടി പരിസരം ,, | ,, | 43.45m3 | 54868.14 | 38714.38 | 16154 | 305/19-20 |
| 5 | ഒരുമ റോഡ് .. | ,, | 17m3 | 21467.40 | 15147.17 | 6320 | 334/19-20 |
| ആകെ | | | | | | 66,528 | |

ഈ നിരക്കുകൾ ഏകീകരിക്കുവാനാവശ്യമായ ക്രിയാത്മകമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-50 തൊഴിലുറപ്പുപദ്ധതി

സാമ്പത്തികവർഷം 3,36,10,169 രൂപ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. 1446 പ്രൊജക്റ്റുകൾ ആവിഷ്ക്കരിച്ചതിൽ 536 പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. 216 കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ തൊഴിൽ നൽകി. തോട് പുനരുദ്ധാരണ പ്രവൃത്തികൾക്കാണ് മുഖ്യപ്രാധാന്യം നൽകിയത് 2300000 ലേറെ തുക ഇതിന് ചെലവിട്ടു.

## 1-51` അംഗൻവാടി പോഷകാഹാരം - പ്രൊജക്ട് ഫയൽ അനുബന്ധ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ സഹിതം പൂർണ്ണമായി ലഭ്യമാക്കുന്നതു വരെ ചെലവുതുക 5004099 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രൊജക്ട് നം : 35/20
വികസന ഫണ്ട് അടങ്കൽ തുക : 1500000
ചെലവ് തുക : 1500000
Vr.No:21900674/5.6.19 തുക : 569202
Vr.No:21900684/21.6.19 തുക :524462
Vr.No:21900693/29.6.19 തുക : 141434
Vr.No:21900737/9.10.19 തുക : 264902
കേന്ദ്രാവിഷ്കൃത ഫണ്ട് അടങ്കൽ തുക : 3000000
ചെലവ് തുക : 2504099

| ക്രമ.നം | വൗച്ചർ നം./ തീയതി | തുക |
|---|---|---|
| 1. | 21900619/15.10.19 | 704481 |
| 2. | 21900649/28.10.19 | 137841 |
| 3. | 21901088/14.1.20 | 190142 |
| 4. | 21901089/14.1.20 | 437591 |
| 5. | 21901286/22.2.20 | 18289 |
| 6. | 21901459/18.3.20 | 46732 |
| 7. | 21901460/18.3.20 | 19159 |
| 8. | 21901461/18.3.20 | 47182 |
| 9. | 21901462/18.3.20 | 45963 |
| 10. | 21901480/18.3.20 | 13278 |
| 11. | 21901567/30.3.20 | 173923 |
| 12. | 21901568/30.3.20 | 265980 |
| 13. | 21901569/30.3.20 | 317539 |
| 14. | 21901573/30.3.20 | 85999 |

| | | |
|---|---|---|
| | ആകെ തുക | 2504099/- |

ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ചെലവുതുക : 500000 Vr.No:21901499/11.2.20 Amt: 234824
Vr.No:21901500/ 27.1.20 Amt:265176
ജില്ലാ പഞ്ചായത്ത് ഫണ്ട് ചെലവുതുക : 500000 Vr.No:21901597/18.3.20 Amt: 222893
Vr.No:21901591/ 18.3.20 Amt:277107
ആകെ അടങ്കൽ തുക : 5500000
ചെലവ് : 5004099

അംഗൻവാടി പോഷകാഹാര പദ്ധതി പ്രകാരം 50,04,099 രൂപ ചെലവഴിച്ചു. പ്രൊജക്ട് ഫയൽ, ചെലവു രേഖകൾ / സ്റ്റോക്ക് രജിസ്റ്ററുകൾ സഹിതം പൂർണ്ണമായി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതിന്റെ ബില്ലുകൾ | ഇൻ വോയ്സുകൾ, സ്റ്റോക്ക് രജിസ്റ്റർ, തുക നൽകിയതിന്റെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റുകൾ, UTR സ്റ്റേറ്റുമെന്റുകൾ, പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയവയുടെ അഭാവത്തിൽ ചെലവിന്റെ സാധുത പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല. 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-25 പ്രകാരവും പോഷകാഹാര പദ്ധതി ഫയൽ കൃത്യമാക്കി സമർപ്പിക്കാത്തതിലെ അപാകത ചൂണ്ടിക്കാട്ടിയിരുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 48/27.11.21 ന് മറുപടി ലഭ്യമാക്കിയില്ല. ഈ റിപ്പോർട്ടിന്റെ ആദ്യമറുപടി ലഭ്യമാക്കുന്ന സമയത്ത് ഫയൽ പൂർണ്ണമാക്കി പരിശോധനയ്ക്ക് തയ്യാറാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തി ഓഡിറ്റിന് അറിയിക്കാത്ത പക്ഷം 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ ചട്ടം 12ൽ 1 മുതൽ 4 വരെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. 50,04,099 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019/20 OB 200000 | | | - | 200000 |
| - | 15909 | | അങ്കണവാടി പോഷകാഹാരം | 15909 | 0 |
| - | 77500 | | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 77500 | 0 |
| - | - | 200000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| - | - | 200000 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണം | 0 | 200000 |
| - | - | 1,00,000 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 OB 638663 | | കടമ്പോട്ട് റോഡ് രൂപീകരണം | 600000 | 0 |
| - | | | ജവാൻ ലിങ്ക് റോഡ് രൂപീകരണം | 38663 | - |
| | | | | 638663 | 0 |
| - | 2019/20 OB 62184 | 200000 2019-20 | പാലിയേറ്റിവ് കെയർ | 200059 | 62125 |
| - | | 2047520 2019-20 | Life Mission General | 468034 | 1579486 |
| - | 2019-20[OB] 129780 | | Milk Subsidy | 129780 | 0 |
| - | 2019/20 OB 16847 | | എസ്.സി സാസ്കാരിക നിലയം അടിസ്ഥാന സൗകര്യം ഒരുക്കൽ | 16847 | 0 |
| - | 2019/20 OB 47600 | | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 47600 | 0 |
| - | OB-256411 | 2247520 | | 862320 | 1641611 |

സ്ഥാപനം ലഭ്യമാക്കിയ പത്രിക പ്രകാരമുള്ള ജില്ലാ പഞ്ചായത്ത് ബാലൻസ് തുകയും വാർഷിക കണക്ക് ബി -4 ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | Drinking Water Pipe Line | 216011052 | 210000[OB] | | 210000 |
| | Proj244/21 ആറാട്ടുവഴി കടപ്പുറം പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പ് | 21800536 | 37000[OB] | 37000 | |
| | Street Tap Cutting Charge | 21901215 | 49000[2019-20] | | 49000 |
| | Total | | | | 259000 |
| KSEB | OB | | | | 905857 |

| | | | | | |
|---|---|---|---|---|---|
| | Proj18/20 Shifting Of Electric Post | 21900187 | 6906 | | 6906 |
| | | 21900863 | 34078 | | 34078 |
| | | 21901273 | 43139 | | 43139 |
| | | 21901274 | 10090 | | 10090 |
| | | 21901281 | 16509 | | 16509 |
| | Proj13/20 Street Main Extension | 2190347 | 100000 | | 100000 |
| | Total | | | | 1116579 |
| PWD Electrical Division | OB-990000 | 21800574 | | 7483 | 982517 |
| | | | 298000 | | 298000 |
| | | | 150000 | | 150000 |
| | | | 448000 | | 1430517 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | ജി.ഒ (എം.എസ്) നം.68/2018 /എൽഎസ്ജിഡി തീ.18/05/18 | 10656570 | 20989137 | - | - | 31645707 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6324732 | |
| തൻവർഷം നിക്ഷേപിച്ച തുക | 507365 [Interest] | |
| ആകെ | 6832097 | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6832097 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | TDCB,Eriyad | 6832097 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | 2.3 | വസ്തു നികുതി | ന്യൂനത പരിഹാര പത്രിക നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2014-15 | 2.3 | 2016-17 | 2.2 | തൊഴിൽ നികുതി | ന്യൂനത പരിഹാര പത്രിക നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം 2014/15 | 2014-15 | 4.2.6 | മണൽ വിൽപ്പനയിൽ നിന്നുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് /ചെലവ് | ന്യൂനത പരിഹാര പത്രിക ബഹു. പഞ്ചായത്ത് അസിസ്റ്റൻഡ് ഡയറക്ടർ മുഖേന സമർപ്പിച്ചിട്ടുണ്ട്. |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം 2014/15 | 2014-15 | 4.2.8 | റിവർ മാനേജ് മെൻറ് ഫണ്ടിൽ ഒടുക്കിയത് കുറവ് | ന്യൂനത പരിഹാര പത്രിക ബഹു. പഞ്ചായത്ത് അസിസ്റ്റൻഡ് ഡയറക്ടർ മുഖേന സമർപ്പിച്ചിട്ടുണ്ട്. |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം 2014/15 | 2014-15 | 4.2.14 | കടവുകമ്മിറ്റികൾ സജീവമല്ല. | ന്യൂനത പരിഹാര പത്രിക ബഹു. പഞ്ചായത്ത് അസിസ്റ്റൻഡ് ഡയറക്ടർ മുഖേന സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 124380868 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 114764549 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5752498 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 291042 | ജയശ്രീ.ഒ.സി<br>എച്ച് എം. എൽ.പി.സ്കൂൾ |
| 1-40 | 100000 | ജയശ്രീ.ഒ.സി<br>എച്ച് എം. എൽ.പി.സ്കൂൾ |
| 1-43 | 357357 | താജു. പി.എ<br>അസി.സെക്രട്ടറി |
| 1-51 | 5004099 | സിനി കെ.എസ്<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | 5752498 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സ ത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയശ്രീ.ഒ.സി<br>എച്ച് എം.<br>എൽ.പി.സ്കൂൾ | എച്ച് എം.<br>എൽ.പി.സ്കൂൾ<br>എറിയാട്<br>ഗ്രാമപഞ്ചായത്ത് | തെക്കും<br>പറമ്പിൽ വീട്<br>പി ഒ മന്നം<br>പിൻ 683520<br>എറണാകുളം |
| താജു. പി.എ<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>എറിയാട്<br>ഗ്രാമപഞ്ചായത്ത് | പാമ്പിനേഴത്തു<br>ഹൗസ്<br>ചന്തപ്പുര<br>കൊടുങ്ങല്ലൂർ |
| സിനി കെ.എസ്<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | സിനി കെ.എസ്<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ<br>എറിയാട്<br>ഗ്രാമപഞ്ചായത്ത് | സിനി<br>കെ.എസ്<br>പോണത്ത്<br>ഹൗസ്<br>പി.ഒ കാര<br>കൊടുങ്ങല്ലൂർ -<br>680 671 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ട്/ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | | വിവരം |
|---|---|---|
| 86-87, 87-88 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 21 |
| 1990-91 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 17, 20 |
| 91-92 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 18, 21,23 |
| 92-93, 93-94 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 23(1), 23(2) |
| 1995-96 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 18, 19 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.12-42/99/12.04.99 | |
| 97-98 (ചെലവ്) | എൽ.എഫ്.ടി.12-842/--/12.04.99 | |
| 98-99 (ചെലവ്) | എൽ.എഫ്.ടി.12-861/2000/04.09.2000 | |
| 99-2000 മുതൽ 2001--02 വരെ | എൽ.എഫ്.ടി.16-1380/03/08.10.03 | |
| 96-97 വരവ് | എൽ.എഫ്.ടി.16-1934/06/08.05.07 /08.08.07 | |
| 97-98 വരവ് | എൽ.എഫ്.ടി.16-1935/06/08.05.07 /07.12.07 | |
| 99-2000 വരവ് ചെലവ് | എൽ.എഫ്.ടി.16-1726/07/26.12.07 /08.05.08 | |
| 2000-01 വരവ് ചെലവ് | എൽ.എഫ്.ടി.16-1725/07/26.12.07 /08.05.08 | |
| 2001-02 വരവ് ചെലവ് | എൽ.എഫ്.ടി.16-1728/07/26.12.07 /08.05.08 | |
| 2002-03 വരവ് ചെലവ് | എൽ.എഫ്.ടി.16-1220/08/26.12.07 /05.09.09 | |
| 2003-04 വരവ് ചെലവ് | എൽ.എഫ്.ടി.16-1221/08/26.12.07 /05.09.09 | |
| 2004-05 വരവ് ചെലവ് | എൽ.എഫ്.ടി.16-265/09/26.12.07 /04.05.10 | |
| 2005-06 വരവ് ചെലവ് | എൽ.എഫ്.ടി.16-1310/09/03.01.2011 | |
| 2006-07 | എൽ.എഫ്.ടി.16-1320/09/12.01.11 | |
| 2007-08 | എൽ.എഫ്.ടി.16-1414/10/01.03.11 | |
| 2008-09 | എൽ.എഫ്.ടി.16-1415/10/14.03.11 | |
| 2009-10 | എൽ.എഫ്.ടി.പി.3-1092/2012/05.10.12 | |
| 2010-11 | എൽ.എഫ്.ടി.പി.3-1093/12/05.10.12 | |
| 2011-12 | എൽ.എഫ്.ടി.പി.3-1107/13/12.02.14 /05.03.14 | |
| 2012-13, 2013-14 | എൽ.എഫ്.ടി.പി.3-1418/2014/09.01.2015 /06.02.2015 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി3)1326/15 തീ.16.11.2015 | |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി3)1885/16 തീ.25.10.16/1.12.16 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി3) 1298/17 തീ.7.08.17/26.9.17 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി3)26/2019 തീ.25.3.2019 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി3)197/2020 തീ.23.04.2020 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്